**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192** **13-02-2024 - ൽ മറുപടിയ്ക്ക്**

**വാണിജ്യമേഖലയുടെ വികസനം ഊർജ്ജിതപ്പെടുത്തുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; പ്രസ്തുത മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. രാജ്യത്ത് പ്രവർത്തിച്ചു വരുന്ന ചില്ലറ, മൊത്ത വ്യാപാര സ്ഥാപനങ്ങളെ 2021 ജൂലൈ 2 ലെ ഓഫീസ് മെമ്മോറാണ്ടം നമ്പർ 5/2(2)/2021-E/P & G/Policy പ്രകാരം കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയം എം.എസ്.എം.ഇ-കളുടെ ഗണത്തിൽ ഉൾപ്പെടുത്തിയി ട്ടുണ്ട്. ഇത് മുഖേന, വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എം.എസ്.എം.ഇ-കൾക്ക് ഉദ്യം രജിസ്ട്രേഷൻ നേടുവാൻ സാധിക്കും. മുൻഗണന മേഖലകൾക്കുള്ള വായ്പ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മാത്രമാണ് ചില്ലറ മൊത്ത വ്യാപാര സ്ഥാപനങ്ങൾക്ക് എം.എസ്.എം.ഇ പരിഗണന ലഭിക്കുന്നത്.<br><br>വ്യാപാരമേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് നിലവിൽ വ്യവസായ വകുപ്പ് താഴെപ്പറയുന്ന സേവനങ്ങൾ നൽകി വരുന്നു.<br><br>1. എന്റർപ്രെണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം: സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വ്യവസായ വാണിജ്യവകുപ്പ് എല്ലാ തദ്ദേശസ്ഥാപങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ലൈസൻസ്, ലോൺ, സബ്സിഡി തുടങ്ങി ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഈ എക്സിക്യൂട്ടീവുമാരുടെ സേവനം തേടാവുന്നതാണ്.<br><br>2. ഹെൽപ്ഡെസ്ക്: സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ |

നിലവിലുണ്ട്. ഈ ഹെൽപ്പ്ഡെസ്ക്കുകൾ വഴി സംരംഭങ്ങളു മായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിലും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും എന്റർപ്രെണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ്മാരുടെ സേവനം പ്രയോജനപ്പെടുത്താം.

3. എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്റർ : താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നല്കാൻ സജ്ജമായ എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സൻമാരെ തിരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്.

4. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ - വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾക്കും കൂടി ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് ആവിഷ്കരിച്ച 'ഒരു കുടുംബം ഒരു സംരംഭം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നു. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി (ഇന്ററസ്റ്റ് സബ് വെൻഷൻ) സർക്കാർ നൽകുന്നു. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതി വഴി പലിശയിളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിരം മൂലധന വായ്പയ്ക്കും പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കുന്നു. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽനിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ഈ പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5. MSME ഇൻഷുറൻസ് പദ്ധതി : ഉത്പാദന-സേവന-വ്യാപാര മേഖലകളിൽപ്പെട്ട സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു.

| | | | |
|---|---|---|---|
| | | | ഇതുവരെ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിത നിരക്കിൽ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ഇൻഷ്വർ ചെയ്യാനുള്ള ഓൺലൈൻ സംവിധാനവും രൂപീകരിച്ചിട്ടുണ്ട്.<br><br>6. സംസ്ഥാന അവാർഡുകൾ - MSME കളുടെ 2021-22 സാമ്പത്തിക വർഷം വരെയുള്ള പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ച വച്ച സംരംഭങ്ങൾ/സംരംഭകർക്ക് അവാർഡുകൾ നൽകുന്നു. ജില്ലയിലും സംസ്ഥാനത്തും സൂക്ഷ്മ, ചെറുകിട, ഇടത്തരം, വൻകിട വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കാണ് അവാർഡ്.<br><br>7. വ്യവസായ നയം 2023 **:** വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേരള സർക്കാർ കേരള വ്യവസായ നയം 2023 രൂപീകരിക്കുകയുണ്ടായി. “സൺറൈസ്" വിഭാഗത്തിലെ ഉയർന്ന മുൻഗണനയുള്ള വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, അവരുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായവും ഇൻസെന്റീവുകളും പിന്തുണയും നൽകാനാണ് നയം ലക്ഷ്യമിടുന്നത്. ചില്ലറ വ്യാപാര മേഖല ഉൾപ്പെടെ 22 മുൻഗണനാ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് പുതിയ വ്യവസായ നയം. |
| (ബി) | വാണിജ്യ മേഖലയുടെ വികസനം ഊർജ്ജിതപ്പെടുത്തുന്നതിനായി പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ 2023-ലെ പുതിയ വ്യവസായ നയത്തിനനുസൃതമായി കാര്യക്ഷമമാക്കുന്നതിനു ലക്ഷ്യമിട്ടു കൊണ്ട് 29.01.2024-ലെ സ. ഉ. (കൈ) നം.5/2024/ID നമ്പർ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക കൊമേഴ്സ് (വാണിജ്യ) ഡിവിഷൻ രൂപീകരിക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. വ്യവസായ വാണിജ്യ സംഘടനകളുടെ ആവശ്യം പരിഗണിച്ചും, നവകേരള സദസ്സിലെ പല വേദികളിലും ഈ ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളത് കണക്കിലെടുത്തുമാണ് സർക്കാർ, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ വ്യവസായവകുപ്പിൽ വാണിജ്യത്തിനായി ഒരു പ്രത്യേക സെക്ഷനും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ വാണിജ്യത്തിനായി ഒരു പ്രത്യേക ഡിവിഷനും |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കോമേഴ്സ് മിഷന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കുമോ? | (സി) | കേരളത്തിലെ വാണിജ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് കോമേഴ്സ് മിഷൻ. മാറുന്ന കാലത്തെ ബിസിനസ് അന്തരീക്ഷത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത്, വ്യാപാര വാണിജ്യ മേഖലയ്ക്ക് ഊന്നൽ നൽകുക എന്നുള്ളതാണ് കോമേഴ്സ് മിഷന്റെ പ്രധാന ലക്ഷ്യം. വ്യാവസായിക, വാണിജ്യ പരിസ്ഥിതിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നയങ്ങൾ ആവിഷ്കരിക്കാനും നടപ്പാക്കാനും അവ നിരീക്ഷിക്കാനും ഇത് വഴി ഉദ്ദേശിക്കുന്നു. ഇത് മൂലം സംസ്ഥാനത്ത് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ വളരാൻ അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കും. കോമേഴ്സ് മിഷൻ ലക്ഷ്യമിടുന്ന മറ്റു പ്രവർത്തനങ്ങൾ താഴെ പറയുന്നു.<br><br>**a.** സംസ്ഥാനത്തെ ചില്ലറ വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.<br>**b.** സംസ്ഥാനത്തെ സംരംഭങ്ങളെ നവീകരിക്കുന്നതിന് ശേഷി വികസനം, സാങ്കേതിക വിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം എന്നിവയ്ക്ക് കൈത്താങ്ങ് നൽകുക<br>**c.** ഇന്ത്യയിലും വിദേശത്തുമുള്ള പ്രധാന വ്യാപാര മേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുവാൻ സംരംഭങ്ങൾക്ക് പിന്തുണയും സഹായവും നൽകുക<br>**d.** കേരളത്തിലെ ബിസിനസ്സുകാർക്കും സംരംഭകർക്കും ദേശീയ അന്തർദേശിയ വിപണികളെകുറിച്ച് പഠിക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക<br>**e .**കേരളത്തിലെ എന്റർപ്രൈസസ് ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, സാങ്കേതിക വിദ്യകൾ എന്നിവ ദേശീയ അന്തർ ദേശീയ ഉപഭോക്താക്കൾക്ക് നേരിട്ട് വിപണനം ചെയ്യുക. |

സെക്ഷൻ ഓഫീസർ